**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6480** **20-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിൽ ഭൂജല വകുപ്പിന്റെ ട്യൂബ് വെൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ ഭൂജല വകുപ്പ് മുഖേനയുള്ള ട്യൂബ് വെൽ നിർമ്മാണ പ്രവർത്തനങ്ങളിൽ യു.പി.വി.സി. പൈപ്പുകളുടെ റേറ്റ് സംബന്ധമായ വിഷയം സംബന്ധിച്ച് പ്രതിസന്ധിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യു.പി.വി.സി പൈപ്പുകളുടെ DSR 18 പ്രകാരമുള്ള നിരക്ക് മാർക്കറ്റ് നിരക്കിനേക്കാൾ കുറവായതിനാലും, ടി പൈപ്പുകളുടെ വിതരണക്കാർ വളരെ കുറവായതിനാലും, യു.പി.വി.സി പൈപ്പ് വിതരണം ചെയ്യുന്നതിനുള്ള ടെൻഡറിൽ കമ്പനികൾ പങ്കെടുക്കുന്നതിന് വിമുഖത കാണിക്കുന്നു. ചില കമ്പനികൾ പങ്കെടുത്താലും അവർ ക്വാട്ട് ചെയ്യുന്ന നിരക്ക് PAC-യേക്കാൾ കൂടുതലാണ്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ ഭൂജല വകുപ്പ് ഡയറക്ടർ 30.01.2023-ലെ ഡി.ജി.ഡബ്ല്യൂഡി./182/2022/പി1 കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്ന ശിപാർശയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ; | (ബി) | ട്യൂബ് വെൽ നിർമ്മാണത്തിനാവശ്യമായ 2100 മീറ്റർ 200 mm യു.പി.വി.സി പ്ലെയിൻ പൈപ്പും, 504 മീറ്റർ 200 mm യു.പി.വി.സി റിബ്ഡ് സ്ക്രീൻ പൈപ്പും 48,44,019/- (നാൽപ്പത്തിയെട്ടു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി പത്തൊൻപത്) രൂപയ്ക്ക് വാങ്ങുന്നതിനുള്ള ടെൻഡർ അനുമതിയ്ക്കായി ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും, ഭൂജല3/19/2023/ജവിവ നമ്പർ ഫയലിൽ ടി വിഷയം സ്റ്റോർസ് പർച്ചേയ്സ് വകുപ്പുമായി കൂടിയാലോചിക്കുകയും ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ടെൻഡർ നടപടിക്രമം നിയമാനുസൃതം അല്ല എന്ന് അറിയിച്ചിട്ടുമുണ്ട്. |
| (സി) | യു.പി.വി.സി. പൈപ്പിന്റെ റേറ്റ് സംബന്ധമായ വിഷയം മൂലം ഹരിപ്പാട് മണ്ഡലത്തിലെ എത്ര ട്യൂബ് വെൽ നിർമ്മാണ പ്രവൃത്തികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് അറിയിക്കുമോ; | (സി) | 7 (6 ഡെപ്പോസിറ്റ് വർക്കും 1 എം.എൽ.എ എ.ഡി.എഫ് വർക്കും) |
| (ഡി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | യു.പി.വി.സി പൈപ്പുകളുടെ നിരക്ക്, മാർക്കറ്റ് നിരക്കനുസരിച്ച് പുതുക്കി നിശ്ചയിച്ചാൽ മാത്രമേ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ